# സ്കൂൾ വികസന പദ്ധതി
# 2025 - 2026

# വിജയ വഴി



## ജി . എം. എൽ .പി .എസ്
## നെടിയിരുപ്പ്

Scanned with OKEN Scanner

# 1. ആമുഖം.

എല്ലാ കഴിവുകളും ഉൾച്ചേർന്ന ഒരു പുതു തലമുറയെ സൃഷ്ടിക്കുന്നതിൽ പൊതുവിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വളരെയധികം മെച്ചപ്പെട്ട ഈ കാലഘട്ടത്തിൽ അക്കാദമിക നിലവാരവും മെച്ചപ്പെടേണ്ടത് വളരെയധികം പ്രാധാന്യം ഉള്ളതാണ്. ഇവിടെയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രാധാന്യം.

ഒരു വർഷത്തെ നമ്മുടെ വിദ്യാലയത്തെ മികവിലേക്ക് ഉയർത്താനാവശ്യമായ ഒരു ചട്ടക്കൂടാണ് ഓരോ അക്കാദമിക മാസ്റ്റർപ്ലാനും. ഉൾച്ചേർന്ന വിദ്യാഭ്യാസം, സമഗ്ര ഗുണമേന്മാ പദ്ധതി തുടങ്ങി വിപുലമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ആസൂത്രണം ചെയ്ത ഈ അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ പരിപൂർണ്ണ കുട്ടിയുടെയും അക്കാദമിക നിലവാരത്തിൽ ഒരുപാട് മാറ്റങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

ഒരു കുട്ടിയുടെ സ്വഭാവരൂപീകരണവും മൂല്യങ്ങളും മനോഭാവങ്ങളും സ്നേഹം, ദയ, കരുണ എന്നീ ആശയങ്ങളും വളർന്നു വരുന്ന പ്രൈമറി കാലഘട്ടത്തിൽ ഒരു കൂട്ടം പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് അത്യാവശ്യമാണ്. എല്ലാ കഴിവുകളും ഒത്തിണങ്ങിയ ഒരു പുതുതലമുറയെ സൃഷ്ടിക്കാൻ നമ്മുടെ ഈ കൊച്ചു വിദ്യാലയത്തിന് കഴിയട്ടെ.

Scanned with OKEN Scanner

# 1. ആമുഖം.

എല്ലാ കഴിവുകളും ഉൾച്ചേർന്ന ഒരു പുതു തലമുറയെ സൃഷ്ടിക്കുന്നതിൽ പൊതുവിദ്യാലയങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വളരെയധികം മെച്ചപ്പെട്ട ഈ കാലഘട്ടത്തിൽ അക്കാദമിക നിലവാരവും മെച്ചപ്പെടേണ്ടത് വളരെയധികം പ്രാധാന്യം ഉള്ളതാണ്. ഇവിടെയാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രാധാന്യം.

ഒരു വർഷത്തെ നമ്മുടെ വിദ്യാലയത്തെ മികവിലേക്ക് ഉയർത്താനാവശ്യമായ ഒരു ചട്ടക്കൂടാണ് ഓരോ അക്കാദമിക മാസ്റ്റർപ്ലാനും. ഉൾച്ചേർന്ന വിദ്യാഭ്യാസം, സമഗ്ര ഗുണമേന്മാപദ്ധതി തുടങ്ങി വിപുലമായ വിദ്യാഭ്യാസപരിഷ്കാരങ്ങൾ ആസൂത്രണം ചെയ്ത ഈ അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ പരിപൂർണ്ണ കുട്ടിയുടെയും അക്കാദമിക നിലവാരത്തിൽ ഒരു പാട് മാറ്റങ്ങൾ നമുക്ക് പ്രതീക്ഷിക്കാം.

ഒരു കുട്ടിയുടെ സ്വഭാവരൂപീകരണവും മൂല്യങ്ങളും മനോഭാവങ്ങളും സ്നേഹം, ദയ, കരുണ എന്നി ആശയങ്ങളും വളർന്ന് വരുന്ന പ്രൈമറി കാലഘട്ടത്തിൽ ഒരു കൂട്ടം പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് അത്യാവശ്യമാണ്. എല്ലാ കഴിവുകളും ഒത്തിണങ്ങിയ ഒരു പുതുതലമുറയെ സൃഷ്ടിക്കാൻ നമ്മുടെ ഈ കൊച്ചു വിദ്യാലയത്തിന് കഴിയട്ടെ.

Scanned with OKEN Scanner

# ഉള്ളടക്കം.

1) ആമുഖം.
2) സ്കൂൾ - അടിസ്ഥാന വിവരങ്ങൾ
3) സ്കൂൾ പ്രൊഫൈൽ.
4) വിദ്യാലയത്തിന്റെ മികവുകൾ, പരിമിതികൾ.
5) കുട്ടികളുടെ പഠന നിലവാരം.
6) കുട്ടികളുടെ പൊതുവായ പ്രശ്നങ്ങൾ.
7) അക്കാദമിക കാഴ്ചപ്പാട്.
8) സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.
9) ഈ വർഷം നടപ്പിലാക്കുന്ന അക്കാദമികപരമായ പുതിയ പദ്ധതികൾ.
10) വിശദമായ അക്കാദമിക കാഴ്ചപ്പാട്
11) വാർഷിക ദിനാചരണങ്ങൾ
12) മാസകലണ്ടർ.
13) ഒരു തിരിഞ്ഞു നോട്ടം.

Scanned with OKEN Scanner

## 2. സ്കൂൾ - അടിസ്ഥാനവിവരങ്ങൾ

കോഴിക്കോട് - പാലക്കാട് നാഷണൽ ഹൈവേയിൽ നെടിയിരുപ്പ് പഞ്ചായത്തിൽ 4-ാം വാർഡിൽ സ്ഥിതിചെയ്യുന്നു. 14/12/1940 ൽ മലബാർ ഡിസ്ട്രിക് ബോർഡിന്റെ അംഗീകാരം ലഭിച്ച സ്കൂൾ കൊട്ടുകര ഗ്രാമത്തിലും നെടിയിരുപ്പ് വില്ലേജിലുമാണ്. സ്കൂളിന്റെ ആദ്യപേര് BMS നെടിയിരുപ്പ് എന്നായിരുന്നു.

സ്വന്തമായ കെട്ടിടം, കളിസ്ഥലം, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം, വിപുലമായ കുടിവെള്ള സൗകര്യം എന്നിവയെല്ലാം സ്കൂളിന്റെ പരിമിതികളാണ്. സജീവമായ PTA, MTA, SMC, സ്കൂൾ സംരക്ഷണ സമിതി, വിവിധ ക്ലബ്ബുകൾ സന്നദ്ധസംഘടനകൾ ഇവയുടെ അകമഴിഞ്ഞ സഹകരണമാണ് സ്കൂളിനെ നിലനിർത്താൻ സഹായിക്കുന്നത്.

പ്രീപ്രൈമറി മുതൽ നാല് വരെ പ്രവർത്തിക്കുന്ന ഇവിടെ ഓരോ വർഷവും അഡ്മിഷനിൽ വർധനവ് ഉണ്ടാകാറുണ്ട്. LSS വിജയത്തിലും സ്കൂൾ മികവ് പുലർത്തുന്നു. ഒരു പുതിയ കെട്ടിടം ലഭിച്ചാൽ കൊണ്ടോട്ടി സബ്ജില്ലയിലെ ഒരു മികച്ച സ്കൂളായി നമുക്ക് ഈ സ്കൂളിനെ മാറ്റിയെടുക്കാം.

Scanned with OKEN Scanner

## 3. സ്കൂൾ പ്രൊഫൈൽ.

| | |
|---|---|
| സ്കൂളിന്റെ പേര് | : ജി.എം.എൽ.പി.എസ്. നെടിയിരുപ്പ്. |
| ഇ-മെയിൽ | : gmlpsnediyiruppu@gmail.com |
| വിദ്യാഭ്യാസ ഉപജില്ല | : കൊണ്ടോട്ടി. |
| വിദ്യാഭ്യാസ ജില്ല | : മലപ്പുറം. |
| മുൻസിപ്പാലിറ്റി | : കൊണ്ടോട്ടി. |
| ബ്ലോക്ക് പഞ്ചായത്ത് | : കൊണ്ടോട്ടി. |
| വില്ലേജ് | : നെടിയിരുപ്പ്. |
| ഉടമസ്ഥത | : സർക്കാർ |
| പഠനമാധ്യമം | : മലയാളം |
| സ്കൂൾ കോഡ് | : 18339. |
| പ്രധാന അധ്യാപിക. | : ശ്രീമതി. ജ്യോതി. ജി.കെ. |
| സ്കൂൾ ക്ലാസ് സ്ഥിതി. | : പ്രീപ്രൈമറി+പ്രൈമറി |

Scanned with OKEN Scanner

## 4. വിദ്യാലയത്തിന്റെ പരിമിതികളും ശക്തിയും മികവുകൾ.

1. വാഹന സൗകര്യം.
2. സ്നേഹം, പരിഗണന ഇവ നിറഞ്ഞ സ്കൂൾ അന്തരീക്ഷം.
3. പ്രത്യേക NSS കോച്ചിങ്ങ്.
4. പ്രവർത്തന സന്നദ്ധരായ അധ്യാപകർ.
5. ഊർജ്ജസ്വലരായ രക്ഷിതാക്കൾ.
6. ഹരിത വിദ്യാലയം എന്ന പദവിയിലേക്ക് ഉയരുന്ന സ്കൂൾ.
7. പോഷക സമൃദ്ധമായ ഉച്ചഭക്ഷണം.
8. സജീവമായ പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, എസ്.ആർ.ജി, സ്കൂൾ ജാഗ്രത സമിതി.

### പരിമിതികൾ.

1. ശോചനീയമായ സ്കൂൾ കെട്ടിടം.
2. ലൈബ്രറി റൂമില്ല.
3. കളിസ്ഥലമില്ല.
4. സ്വന്തമായി കിണറില്ല. കുടിവെള്ള സൗകര്യത്തിലെ പരിമിതികൾ.
5. മതിയായ കമ്പ്യൂട്ടറുകൾ ഇല്ല.
6. പ്രിന്റർ, പ്രൊജക്ടറുകൾ ഇവ മതിയായ എണ്ണം ഇല്ല.
7. ഹൈടെക് ക്ലാസ് റൂമുകൾ ഉണ്ടെങ്കിലും പര്യാപ്തമായ എണ്ണം ഇല്ല.

Scanned with OKEN Scanner

## 5. കുട്ടികളുടെ പഠനനിലവാരം.

1) പഠനരീതി ചാക്രികവും ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും ആണ്.
2) എല്ലാ കുട്ടികളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു.
3) കുട്ടികളുടെ അഭിരുചി, കഴിവ്, പഠനവേഗം, പഠനശൈലി എന്നിവ പരിഗണിച്ച് കൊണ്ടുള്ള പഠനം.
4) ജീവിതകേന്ദ്രീകൃതപഠനം.
5) യുക്തിചിന്ത, സർഗ്ഗാത്മകത, പ്രശ്നപരിഹരണശേഷി ഇവയ്ക്ക് മുൻതൂക്കം നൽകുന്ന പഠനരീതി.
6) ഐ.സി.ടിയ്ക്ക് പ്രാധാന്യം കൊടുത്ത പഠനരീതി.
7) നിരന്തര മൂല്യനിർണ്ണയത്തിലൂടെയുള്ള പഠനം.
8) ഭിന്നശേഷിക്കാരെ പരിഗണിച്ചുള്ള ഉൾചേർന്ന വിദ്യാഭ്യാസം.
9) സമഗ്രഗുണമേന്മവിദ്യാഭ്യാസം.
10) IT യ്ക്ക് ഊന്നൽ നൽകിയ പഠനരീതി.
11) മൂല്യങ്ങൾ, മനോഭാവങ്ങൾ, നൈപുണികൾ ഇവ വളർത്തുന്ന തരത്തിൽ മാനവിക മൂല്യങ്ങളിൽ ഊന്നിയ പഠനരീതി.
12) ആർട്ട്, വർക്ക് എക്സ്പീരിയൻസ് ഇവയ്ക്ക് പ്രത്യേക പ്രാധാന്യം.
13) പഠനോപകരണങ്ങൾ ഉപയോഗിച്ചുള്ള പഠനം.

Scanned with OKEN Scanner

## 6. കുട്ടികളുടെ പൊതുവായ പ്രശ്നങ്ങൾ.

ഓരോ അധ്യയനവർഷത്തിലും നമ്മുടെ മുന്നിലേക്ക് കടന്ന് വരുന്ന ഓരോ കുട്ടിയും ഭാവി പൗരന്മാരാണ്. സ്കൂൾ ഭൗതിക സാഹചര്യങ്ങളുടെ പരിമിതി കാരണം ഓരോ അധ്യയനവർഷത്തിലും പരിപൂർണ്ണ വിജയം നമുക്ക് അവകാശപ്പെടാനാവില്ല എന്നത് ഒരു യാഥാർത്ഥ്യമാണ് എന്നിരുന്നാലും മേളകളും (ശാസ്ത്രമേള, കലാമേള ഉൾപ്പെടെ) LSS പരീക്ഷയും NAS പരീക്ഷയും പരിഗണിക്കുമ്പോൾ ഒരു കൂട്ടം മികച്ച വിദ്യാർത്ഥികളെ നമുക്ക് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

എന്നിരുന്നാലും ഓരോ ക്ലാസിലും 5% ത്തിൽ താഴെ കുട്ടികൾക്ക് ചില ബുദ്ധിമുട്ടുകൾ കണ്ടുവരുന്നു. ഗണിതത്തിൽ ചതുഷ്ക്രിയകൾ, പ്രായോഗിക പ്രശ്നനിർദ്ധാരണം എന്നിവയും മലയാളത്തിൽ ചിഹ്നം മാറിപ്പോവുക, ലേഖനത്തിലുള്ള പ്രയാസം എന്നിവയും ഇംഗ്ലീഷിൽ സംഭാഷണം, വിവരണം എന്നിവ അവയിൽ ചിലതാണ്. ആധുനിക കാലത്തെ കുട്ടികൾ മൊബൈൽ ഫോണിന്റെ ഉപയോക്താക്കളായതിനാൽ പ്രകൃതിയുമായോ പരിസരവുമായോ അവർക്ക് ബന്ധമില്ല. അതുകൊണ്ട് തന്നെ പരിസരപഠനം ചിലർക്ക് പ്രയാസമാണ്.

ഈ പരിമിതികൾ മറികടക്കാനാണ് നാം ഓരോ അധ്യയന വർഷവും ശ്രമിക്കുന്നത്.

Scanned with OKEN Scanner

## അക്കാദമിക കാഴ്ചപ്പാട്.

1) കുട്ടികളിലെ എല്ലാ കഴിവുകളും പരമാവധി പ്രോത്സാഹിപ്പിക്കുക.
2) സമഗ്രഗുണമേന്മ വിദ്യാഭ്യാസം. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതിന്റെ പൂർണ്ണതയിൽ എല്ലാ കുട്ടികൾക്കും നൽകുക.
3) മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ കുട്ടിയുടെ ആശയവിനിമയ ശേഷി ഉയർത്തുക.
4) മത്സരപരീക്ഷ LSS, NMS ഉൾപ്പെടെ മികച്ച വിജയം ഉറപ്പാക്കുക.
5) ഗണിതത്തിന് പ്രാധാന്യം നൽകി പ്രായോഗികപ്രശ്ന നിർദ്ധാരണം, സൂക്ഷ്മ അപഗ്രഥനശേഷി ഇവ വളർത്തുക.
6). പരിസരപഠനത്തിലൂടെ പ്രകൃതിയോട് ഇണങ്ങാനും പ്രകൃതിയെ സംരക്ഷിക്കാനും പ്രാപ്തരാക്കുക.
7). പരസ്പരാശ്രയത്വം, സൗഹൃദ മനോഭാവം ഇവ വളർത്തുക
8) ഭാരതീയ സംസ്കാരം ഉൾക്കൊള്ളുന്ന ഒരു നല്ല സമൂഹത്തെ സൃഷ്ടിക്കുക.
9) പരമോന്നതമായി ജീവിത പ്രശ്നങ്ങളെ തന്റേടത്തോടെ നേരിടാനും മതേതരത്വ ജനാധിപത്യ ബോധമുള്ള പൗരന്മാരും സ്നേഹം, ത്യാഗം, ദയ, സഹകരണം എന്നീ ഗുണങ്ങളുള്ള ഒരു നല്ല വ്യക്തിയാകാനും അവരെ പ്രാപ്തരാക്കുക.

Scanned with OKEN Scanner

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് ശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് ഈ വർഷം മുന്നോട്ട് വെച്ച പുതിയ പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തെയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന എന്നതാണിതിന്റെ ലക്ഷ്യം.

ഇപ്പോൾ ഏറ്റവും മികച്ച ഭൗതിക നിലവാരത്തിൽ പ്രവർത്തിക്കുന്ന ഓരോ പൊതുവിദ്യാലയത്തിന്റെയും അക്കാദമിക നിലവാരം ഉയർത്തുക എന്നത് നാം ഓരോരുത്തരുടെയും കർത്തവ്യമാണ്. സംസ്ഥാനത്തെ ഓരോ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക, കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കുക എന്നും ഇതിന്റെ ലക്ഷ്യങ്ങളാണ്.

കുട്ടികൾക്ക് വേണ്ട പഠന പിൻതുണാപരിപാടി സംഘടിപ്പിക്കുക, ഭിന്നശേഷി- SC-ST മേഖലകൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, പഠന പോഷണ പരിപാടികൾ നടപ്പിലാക്കുക, നിരന്തര മൂല്യനിർണ്ണയം കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠന പുരോഗതിരേഖ വികസിപ്പിക്കുക തുടങ്ങി സമഗ്ര ഗുണമേന്മ

പദ്ധതിയുടെ മാനങ്ങൾ വളരെ വലുതാണ്.

ഒരു പൊതുവിദ്യാലയത്തെ സംബന്ധിച്ചിടത്തോളം വിവിധ മേഖലകളിൽ നിന്നും അതായത് സമൂഹത്തിന്റെ ഉയർന്ന നിലവാരം മുതൽ ഏറ്റവും താഴ്ന്ന നിലവാരത്തിൽ നിന്നും ഉള്ള കുട്ടികൾ അവിടെ ഏകോപിപ്പിക്കപ്പെടുന്നു എന്നതാണ് യാഥാർത്ഥ്യം. അതോടൊപ്പം ഭിന്നശേഷിക്കാരെയും ഉൾപ്പെടുത്തിയുള്ള ഉൾച്ചേർന്ന വിദ്യാഭ്യാസത്തിനും നാം വളരെയധികം പ്രാധാന്യം കൊടുക്കുന്നു. സമഗ്രഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ ഓരോ കുട്ടിയുടെയും എല്ലാതരത്തിലും ഉള്ള മികവ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഒരാൾ പോലും പരിഗണിക്കപ്പെടാതിരിക്കുക എന്ന സാഹചര്യം ഒഴിവാക്കാൻ നാം ഓരോരുത്തരും പരമാവധി ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്.

സമഗ്ര ഗുണമേന്മ പദ്ധതിക്ക് പ്രൈമറി ക്ലാസുകളിൽ വളരെ വലിയ പ്രാധാന്യം ഉണ്ട്. ഒരു കൊച്ചുകുട്ടിയെ സംബന്ധിച്ചിടത്തോളം അവന്റെ വിദ്യാഭ്യാസ കാലഘട്ടത്തിന്റെ അടിത്തറയാണ് പ്രൈമറി എന്നുതന്നെയാണത്. പ്രൈമറിയിൽ ഓരോ കുട്ടിക്കും ലഭിക്കുന്ന ഈ സമഗ്ര വിദ്യാഭ്യാസ പരിപാടി ഭാവിയിൽ അവനെ ജീവിതത്തിന്റെ മികവുകളുടെ പടവുകളിലേക്ക് പിടിച്ചുകയറ്റുകതന്നെചെയ്യും.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ ഓരോ കാര്യത്തെക്കുറിച്ചും കുട്ടി ബോധവാനായിരിക്കേണ്ടത് അത്യാവശ്യമാണ്. ഇത്തരം പൊതുകാര്യങ്ങളാണ് ആദ്യത്തെ ആഴ്ചകളിൽ നാം അവതരിപ്പിക്കുന്നത്.

1) ലഹരിക്കെതിരെയുള്ള പ്രതിരോധം / പൊതുകാര്യങ്ങൾ

ലഹരിയുടെ ഉപയോഗം സമൂഹത്തിന്റെ ഏറ്റവും വലിയ ഭീഷണിയാണ്. LP ക്ലാസിലെ കുട്ടികൾ വരെ ഇതിൽ അകപ്പെടുന്നു എന്നത് വളരെയധികം പ്രാധാന്യം അർഹിക്കുന്നു. 'ജീവിതമാണ് ലഹരി' എന്ന സന്ദേശം ഉൾപ്പെടുത്തി ലഹരിക്കെതിരായ ഒരു മനോഭാവം കുട്ടികളിൽ വളർത്താനായി 03/06/2025 ഒന്നാം ദിവസം ലഹരി എന്നതാണ് അവതരിപ്പിക്കുന്നത്.

2) ട്രാഫിക് നിയമങ്ങൾ (04/06/25)

ഓരോ കുട്ടിയും റോഡിലൂടെ നടന്നു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, റോഡ് മുറിച്ച് കടക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹനങ്ങൾ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴും പാലിക്കേണ്ട കാര്യങ്ങൾ എന്നിവയെല്ലാം കുട്ടികൾ അറിഞ്ഞിരിക്കേണ്ട ശേഷികളാണ്.

3) ശുചിത്വം, മാലിന്യസംസ്കരണം. (05/06/25)

കേരളീയ സമൂഹം ശുചിത്വ ആരോഗ്യ ശീലങ്ങളിൽ ബോധവാന്മാർ ആകേണ്ടത് അത്യാവശ്യമാണ്. ശുചിത്വ

ത്തിൽ വ്യക്തിശുചിത്വവും പരിസരശുചിത്വവും വളരെ പ്രധാനപ്പെട്ടതാണ്. പച്ചക്കറിത്തോട്ടം, ഹരിതവൽക്കരണം, ഹരിതപ്രോട്ടോക്കോൾ തുടങ്ങിയവ ഈ തീമിൽപ്പെടുന്നു.

4) ആരോഗ്യശീലങ്ങൾ (09/06/25)

ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുക എന്നതും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തന്നെയാണ്. നല്ല ആരോഗ്യശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത, കളികൾ എന്നിവയാണ് ഈ തീമിൽ ഉൾപ്പെടുന്നത്.

5) ഡിജിറ്റൽ അച്ചടക്കം. (10/06/25)

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അതിപ്രസരം ഉള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഡിജിറ്റൽ ഉപകരണങ്ങൾ എങ്ങനെ ആരോഗ്യകരമായി ഉപയോഗിക്കാം എന്നത് പ്രൈമറി ഘട്ടത്തിൽ തന്നെ കുട്ടികളെ ബോധവൽക്കരിക്കേണ്ടതാണ്. ഒരു കുട്ടിയും ചതിക്കുഴികളിൽ അകപ്പെടരുത്.

6) പൊതുമുതൽ സംരക്ഷണം. (11/06/25)

പൊതുമുതൽ എന്തുകൊണ്ടാണ് സംരക്ഷിക്കപ്പെടണമെന്ന് സംബന്ധിച്ച് ചെറിയ ക്ലാസ് മുതൽ തന്നെ കുട്ടികളിൽ അവബോധം ഉണ്ടാകണം. ക്ലാസ് മുറിയിലെ ഫർണിച്ചറുകൾ, ഡിജിറ്റൽ ഉപകരണങ്ങൾ, മൂത്രപ്പുര, ശുചിമുറി തുടങ്ങിയവ പരിപാലിക്കേണ്ടത് അത്യാവശ്യമാണ് (ആരോഗ്യകരമായ രീതിയിൽ)

Scanned with OKEN Scanner

7) പരസ്പര സഹകരണം (12/06/25)

ആധുനിക കാലഘട്ടത്തിൽ കുട്ടികൾ തമ്മിൽ പരസ്പര ബഹുമാനവും സഹകരണവും വളർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കുട്ടികളിൽ മറ്റുള്ളവരോടുള്ള സംസാരവും സ്നേഹവും വളർത്തുക എന്നതാണ് ഈ തീം.

അതിനുശേഷം നടക്കുന്ന പൊതുബോധവൽക്കരണത്തിലൂടെ കൃത്യമായതും സമഗ്രവുമായ ഒരു പൊതുധാരണ കുട്ടികൾക്ക് ഉണ്ടാകുന്നു. (13/06/25)

പ്രവർത്തനപട്ടിക

| തീയതി | തീം | പ്രവർത്തനങ്ങൾ |
|---|---|---|
| 03/06/2025 | പൊതുകാര്യങ്ങൾ/ മയക്കുമരുന്ന് / ലഹരി ഉപയോഗത്തിനെതിരെ | 1) വീഡിയോ പ്രദർശനം 2) പോസ്റ്റർ നിർമ്മാണം |
| 04/06/2025 | റോഡിലൂടെ സഞ്ചരിക്കേണ്ടതിനാവശ്യമായ നിയമങ്ങൾ (ട്രാഫിക് നിയമങ്ങൾ), ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 1) റോൾപ്ലേ. 2) വരയ്ക്കാം ട്രാഫിക് സിഗ്നലുകൾ. |
| 05/06/25 | വ്യക്തിശുചിത്വം, പരിസരശുചിത്വം, മാലിന്യസംസ്കരണം. | 1) ബോധവൽക്കരണ ക്ലാസുകൾ 2) നിരീക്ഷിക്കാം സ്കൂൾ ക്യാമ്പസ്. |
| 09/06/25 | ആരോഗ്യം, വ്യായാമം, കായികക്ഷമത | 1) വ്യായാമം ചെയ്യാം 2) കളിക്കാം ആരോഗ്യം നേടാം. |
| 10/06/25 | ഡിജിറ്റൽ അച്ചടക്കം. | ബോധവൽക്കരണ ക്ലാസ് (ICT സഹായത്തോടെ) |

Scanned with OKEN Scanner

| | | |
|---|---|---|
| 11/06/2025 | പൊതുമുതൽ സംരക്ഷണം. | ചർച്ചചെയ്യാം അറിയാം. |
| 12/06/2025 | സ്വാതന്ത്ര്യസമരത്തിന്റെ പ്രാധാന്യം. | കഥ കേൾക്കാം (ICT സഹായം) |
| 13/06/2025 | പൊതുശുചീകരണം. | |

9. ഈ വർഷം നടപ്പിലാക്കുന്ന അക്കാദമികപരമായ പുതിയ പദ്ധതികൾ.

1. വിജയതിലകം (NSS പ്രോജക്ട്)
2. സമഗ്ര ഗുണമേന്മ പദ്ധതി.
3. ഉൾച്ചേർന്ന വിദ്യാഭ്യാസം
4. മധുരം മലയാളം (വായന പോഷണ പരിപാടി)
5. സ്മാർട്ട് സ്റ്റുഡന്റ്സ് (ഇംഗ്ലീഷ് പോഷണ പരിപാടി)
6. സംയുക്ത ഡയറി/ സ്വതന്ത്ര ഡയറി.
7. പാട്ടരങ്ങ്
8. ഗണിത കൗതുകം
9. വർണ്ണജാലകം.
10. ഞങ്ങൾക്കും അസംബ്ലി (വ്യക്തിത്വ വികസനത്തിനായി)
11. റീഡേഴ്സ് തിയേറ്റർ.
12. എന്റെ ശേഖരണ പുസ്തകം.
13. ഡിജിറ്റൽ ലോകം (IT പഠനത്തിനായി)
14. വിജയസ്പർശം.
15. ഭാഷോത്സവം.
16. പഠനയാത്ര.
17. ഫീൽഡ് ട്രിപ്പ്.
18. ദിനാചരണവേളകൾ.

Scanned with OKEN Scanner

## 10. വിശദമായ അക്കാദമിക മാസ്റ്റർപ്ലാൻ.

### 1. വിജയതിലകം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമ്പൂർണ്ണ LSS വിജയം. | 1) പ്രീടെസ്റ്റ് നടത്തുന്നു.<br>2) പ്രത്യേകം ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>3) പഠനക്കുറിപ്പ് തയ്യാറാക്കൽ.<br>4) ഗൈഡുകൾ വിശകലനം.<br>5) കൂട്ടായ പ്രവർത്തനങ്ങൾ<br>6) മാതൃകാ പരീക്ഷകൾ.<br>7) റിവിഷൻ, പ്രത്യേക OMR പരീക്ഷകൾ.<br>8) LSS നേടിയ കുട്ടികളുമായി അനുഭവം പങ്കിടൽ. | ജൂൺ - മാർച്ച് | HM + എല്ലാ അധ്യാപകരും | PTA + SSK + School grant |

### 2. സമഗ്രഗുണമേന്മാ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസിലെ ഓരോ കുട്ടിയുടെയും എല്ലാ കഴിവും വികസിപ്പിക്കുക. | 1) ഓരോ ക്ലാസിലും പ്രീടെസ്റ്റ് നടത്തുന്നു.<br>2) ഓരോ കുട്ടിയുടെയും ബുദ്ധിമുട്ടുള്ള മേഖല കണ്ടെത്തുന്നു.<br>3) ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നൽകുന്നു<br>4) വീണ്ടും മൂല്യനിർണ്ണയം<br>5) പരിഹാരബോധനം.<br>6) ഇതുവഴി സമഗ്രഗുണമേന്മ കൈവരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ + HM + PTA | PTA + SSK. |

Scanned with OKEN Scanner

## 10. വിശദമായ അക്കാദമിക കാഴ്ചപ്പാട്.

### 1. വിജയതിലകം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമ്പൂർണ്ണ LSS വിജയം. | 1) പ്രീടെസ്റ്റ് നടത്തുന്നു.<br>2) പ്രത്യേകം ഗ്രൂപ്പ് പ്രവർത്തനങ്ങൾ<br>3) പഠനക്കുറിപ്പ് തയ്യാറാക്കൽ.<br>4) ഗൈഡുകൾ വിശകലനം.<br>5) കൂട്ടായ പ്രവർത്തനങ്ങൾ<br>6) മാതൃകാ പരീക്ഷകൾ.<br>7) റിവിഷൻ, പ്രത്യേക OMR പരീക്ഷകൾ.<br>8) LSS നേടിയ കുട്ടികളുമായി അനുഭവം പങ്കിടൽ. | ജൂൺ - മാർച്ച് | HM + എല്ലാ അധ്യാപകരും | PTA + SSK + School grant |

### 2. സമഗ്രഗുണമേന്മാ പദ്ധതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസിലെ ഓരോ കുട്ടിയുടെയും എല്ലാ കഴിവും വികസിപ്പിക്കുക. | 1) ഓരോ ക്ലാസിലും പ്രീടെസ്റ്റ് നടത്തുന്നു.<br>2) ഓരോ കുട്ടിയുടെയും ബുദ്ധിമുട്ടുള്ള മേഖല കണ്ടെത്തുന്നു.<br>3) ആവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ നൽകുന്നു<br>4) വീണ്ടും മൂല്യനിർണ്ണയം<br>5) പരിഹാരബോധനം.<br>6) ഇതുവഴി സമഗ്രഗുണമേന്മ കൈവരിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ + HM + PTA | PTA + SSK. |

Scanned with OKEN Scanner

## 5. സ്മാർട്ട് സ്റ്റുഡന്റ്സ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷാശേഷി വികസനം.<br>• ആശയവിനിമയസാധ്യതകൾ പ്രയോജനപ്പെടുത്തി ഇംഗ്ലീഷ് ഭാഷ തെറ്റില്ലാതെ കൈകാര്യം ചെയ്യൽ. | 1) ആൽഫബെറ്റ് കാർഡുകൾ<br>2) സെന്റൻസ് കാർഡുകൾ<br>3) ഇംഗ്ലീഷ് വീഡിയോ പ്രദർശനം.<br>4) മൈ ഇംഗ്ലീഷ് വേൾഡ്.<br>5) ചിത്രം നോക്കി കഥ പറയൽ<br>6) ചെറിയ സംഭാഷണങ്ങൾ | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ. | PTA + SSK. |

## 6. സ്വതന്ത്രഡയറി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1) കുട്ടികളിലെ സർഗ്ഗാത്മക ശേഷിവികസനം<br>2) വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടാൻ അവസരം.<br>3) സ്വതന്ത്ര വായന. സ്വതന്ത്രരചന സർഗ്ഗാത്മക രചന. | 1) അനുഭവങ്ങൾ പറയാം<br>2) ഒരുമിച്ചെഴുതാം<br>3) മികച്ച ഡയറി കണ്ടെത്താം<br>4) ഡയറി എഴുതാം മിഠായി നുണയാം<br>5) എന്റെ ഡയറിക്കുറിപ്പുകൾ. | ജൂൺ<br>-<br>മാർച്ച് | ക്ലാസ് ടീച്ചർ<br>+<br>പിടിഎ | SSK + PTA. |

Scanned with OKEN Scanner

## 7. പാട്ടരങ്ങ്.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) താളബോധം മനസ്സിലാക്കൽ<br>2) ഈണം കണ്ടെത്താൻ കഴിയുന്നതിന്<br>3) ഒറ്റയ്ക്കും സംഘമായും ഉള്ള കവിതാസ്വാദനം.<br>4) സർഗ്ഗാത്മകമായ പ്രവർത്തനങ്ങൾ വികസിക്കുന്നതിന്. | 1) ഈണം കണ്ടെത്താം<br>2) താളമടിക്കാം പാട്ടുപാടാം<br>3) പാട്ടുമത്സരം<br>4) പുതിയവരികൾ ചേർത്താം<br>5) എന്റെ നാടൻ പാട്ടുകൾ. | ജൂൺ<br>മാർച്ച് | ക്ലാസ് അധ്യാപകർ | SSK<br>+<br>PTA. |

## 8. ഗണിതകൗതുകം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1) സംഖ്യാബോധം വളർത്തുക.<br>2) പ്രായോഗിക പ്രശ്ന നിർദ്ധാരണം.<br>3) ഗണിതത്തോട് ഉള്ള താത്പര്യം വർദ്ധിപ്പിക്കുക.<br>4) മനഃക്കണക്കുകൾ ചെയ്യുന്നതിനുള്ള അവഗാഹനശേഷി വികസിപ്പിക്കുക.<br>5) ഗണിത പാറ്റേണുകൾ കണ്ടെത്തുക. | 1) മഞ്ചാടിപെറുക്കാം.<br>2) എണ്ണിക്കൂട്ടാം.<br>3) സംഖ്യാകാർഡുകൾ മാച്ച്ചെയ്യാം.<br>4) ക്ലാസിലൊരുകട<br>5) കുട്ടിച്ചന്ത.<br>6) അബാക്കസിനെ അറിയാം.<br>7) ഗണിതകളികൾ/ ഗണിതപസിലുകൾ | ജൂൺ മുതൽ ജനുവരി വരെ | ക്ലാസ് അധ്യാപകർ | SSK+<br>PTA. |

Scanned with OKEN Scanner

## 9. വർണ്ണജാലകം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1) ലേഖനപരമായ കഴിവുകളുടെ വികസനം<br>2) സർഗ്ഗാത്മകകഴിവുകൾ, ഭാവനാത്മകശേഷി വികസനം.<br>3) പഠനോത്സവത്തിൽ തെളിവെടുപ്പ് അവതരിപ്പിക്കുന്നു. | 1) ചിത്രം വരയ്ക്കാം<br>2) വരയ്ക്കാം നിറം നൽകാം<br>3) പെൻസിലുകൾ<br>4) കയ്യെഴുത്താം എഴുതാം<br>5) നിർമ്മിക്കാം<br>6) കൈയെഴുത്താം<br>7) അടിക്കുറിപ്പ് എഴുതാം | ജൂൺ മുതൽ ഫെബ്രുവരി വരെ | ക്ലാസ് അധ്യാപകർ | PTA + SSK. |

## 10. ഞങ്ങളുടെ അസംബ്ലി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) വ്യക്തിത്വവികസനം.<br>2) സഭാകമ്പം ഒഴിവാക്കുക. | 1) പത്രവായന<br>2) ഇന്നത്തെ ചിന്താവിഷയം.<br>3) മഹത്‌വചനം.<br>4) മഹാന്മാരെ പരിചയപ്പെടാം | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | PTA + SSK. |

Scanned with OKEN Scanner

## 11. റീഡേഴ്സ് തിയേറ്റർ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ ഇവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കുക.<br>2) കുട്ടികളെ മികച്ച വായനക്കാരാക്കുക.<br>3) ബാലസാഹിത്യകൃതികൾ വായിക്കാൻ താത്പര്യം വളർത്തുക.<br>4) സംഗീത, ശ്രാവ്യ വായന, ഭാവാത്മക വായന എന്നിവയിലൂടെ ഭാഷയിലെ മുന്നേറ്റം നടത്തുക. | 1) ക്ലാസ് വായനക്കൂട്ടം<br>2) വായനമൂല വിപുലീകരിക്കൽ<br>3) വായിച്ച് അവതരിപ്പിക്കാം<br>4) അഭിനയിക്കാം കൂട്ടമായി കളിക്കാം.<br>5) വായനപതിപ്പ്<br>6) വായിച്ച ബാലസാഹിത്യകൃതികളെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കാം<br>7) റീഡേഴ്സ് നടത്താം | ജൂൺ – ജനുവരി | ക്ലാസ് അധ്യാപകർ | PTA + SSK. |

## 12. എന്റെ ശേഖരണപുസ്തകം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1) നാടൻപാട്ടുകൾ, കുട്ടിക്കവിതകൾ, കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവയെക്കുറിച്ചുള്ള അറിവ്.<br>2) അവ നമ്മുടെ പഴയകാല ജീവിതത്തിൽ വഹിച്ചിരുന്ന പങ്ക് വിവരശേഖരണം. | 1) പഴഞ്ചൊല്ലുകൾ പറയാം<br>2) കടംകഥ മത്സരം.<br>3) പാട്ടുകളിക്കാം.<br>4) പാട്ട് കഥകളായി പറയാം<br>5) ആരാണ് വിജയി.<br>6) ഞങ്ങളുടെ ശേഖരങ്ങൾ പതിപ്പ് നിർമ്മിക്കാം. | ജൂൺ മുതൽ ജനുവരി വരെ | ക്ലാസ് അധ്യാപകർ | PTA + SSK. |

Scanned with OKEN Scanner

3. വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഒന്നാം ക്ലാസ് മുതൽ നാല് വരെയുള്ള ക്ലാസിലെ പിന്നോക്കക്കാരായ കുട്ടികളുടെ പരിഹാര ബോധനം. | 1) പ്രീ ടെസ്റ്റ്<br>2) എഴുത്ത് പരിശീലനം<br>3) ചേർത്ത് വായന<br>3) മഞ്ചാടി ഗണിതം<br>4) കുട്ടി ടീച്ചർ.<br>5) വായന കാർഡുകൾ (ഇംഗ്ലീഷ്, മലയാളം)<br>6) വിവിധ ഭാഷാ/ ഇംഗ്ലീഷ് [illegible]<br>7) [illegible]?<br>8) കൂട്ടുകാരൊത്ത്<br>9) ഞാനാരാണ്? | പ്രതിദിനം അദ്ധ്യയനം | ക്ലാസ് അധ്യാപകർ | PTA +SSK. |

4. ഭാഷാവികാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികളിലെ [illegible] വളർത്തൽ.<br>2) കുട്ടികളിലെ [illegible] രചന.<br>3) ആശയവിനിമയശേഷിയോടെ സ്വതന്ത്രമായി പ്രകടിപ്പിക്കാനുള്ള കഴിവ് വികസനം.<br>4) ഭാഷാ പ്രയോഗത്തോടെ സ്വന്തമായ സർഗ്ഗാത്മക രചനകൾ നടത്തുന്നു. | 1) കുട്ടി മാഗസിനുകൾ തയ്യാറാക്കൽ<br>2) കുട്ടികളുടെ രചനകൾ<br>3) കുട്ടികളുടെ വിവിധതരം പതിപ്പുകൾ<br>4) ഭാഷാ കളികൾ<br>5) സാഹിത്യകാരന്മാരെ പരിചയപ്പെടുത്തി കൊണ്ട് അവരുടെ കൃതികൾ ആസ്വാദനം വായിച്ച് അവതരിപ്പിക്കൽ. | ജൂലൈ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ + HM | PTA + SSK. |

# വാർഷികദിനാചരണങ്ങൾ

## ജൂൺ

2 - പ്രവേശനോത്സവം.
3 - ജി. ശങ്കരക്കുറുപ്പ് ജന്മദിനം.
5 - ലോക പരിസ്ഥിതി ദിനം.
6 - മഹാകവി ഉള്ളൂർ ജന്മദിനം.
8 - ലോക സമുദ്രദിനം.
12 - ബാലവേല വിരുദ്ധ ദിനം.
14 - ലോക രക്തദാനദിനം.
19 - വായന ദിനം (പി. എൻ. പണിക്കർ ചരമദിനം)
21 - അന്താരാഷ്ട്ര യോഗ ദിനം.
26 - ലോക ലഹരി വിരുദ്ധ ദിനം.

## ജൂലായ്

1 - പി. കേശവദേവ് ചരമം.
5 - ബഷീർ ദിനം.
11 - ലോകജനസംഖ്യ ദിനം.
12 - മലാല ദിനം.
21 - ചാന്ദ്രദിനം.
27 - ഡോ. APJ അബ്ദുൾ കലാം ചരമദിനം.

## ആഗസ്റ്റ്

6 - ഹിരോഷിമ ദിനം.
7 - ടാഗോർ ചരമം.
9 - ക്വിറ്റ് ഇന്ത്യ ദിനം, നാഗസാക്കി ദിനം.

12 – ലോക യുവജനദിനം.
15 – സ്വാതന്ത്ര്യദിനം
17 – കർഷക ദിനം
20 – ശ്രീനാരായണഗുരു ജയന്തി
28 – അയ്യങ്കാളി ജയന്തി
29 – ദേശീയ കായിക ദിനം.

## സെപ്റ്റംബർ

2 – ലോക നാളികേര ദിനം, ഓണാഘോഷം.
5 – ദേശീയ അധ്യാപക ദിനം.
8 – ലോക സാക്ഷരതാ ദിനം.
16 – ഓസോൺ ദിനം.
21 – ശ്രീനാരായണഗുരു സമാധി ദിനം
27 – ലോക വിനോദസഞ്ചാര ദിനം.

## ഒക്ടോബർ

1 – ലോക വൃദ്ധ ദിനം.
2. – ഗാന്ധി ജയന്തി, അന്താരാഷ്ട്ര അഹിംസദിനം.
10 – ദേശീയ തപാൽ ദിനം
16 – വള്ളത്തോൾ ജന്മദിനം, ലോക ഭക്ഷ്യദിനം.
24 – ഐക്യരാഷ്ട്ര ദിനം.
24 – ശ്രീബുദ്ധ ജയന്തി.
31 – ഇന്ദിരാഗാന്ധി ചരമം
സർദാർ വല്ലഭായ് പട്ടേൽ ജന്മദിനം.

Scanned with OKEN Scanner

## നവംബർ

1 - കേരളപ്പിറവി ദിനം

11 - ദേശീയ വിദ്യാഭ്യാസ ദിനം

14 - ശിശു ദിനം, ലോക പ്രമേഹ ദിനം.

19 - ഇന്ദിരാഗാന്ധി ജന്മദിനം, വാഗൺ ട്രാജഡി ദിനം.

26 - ഇന്ത്യൻ ഭരണഘടനാ ദിനം.

30 - പഴശ്ശിരാജ ചരമം

## ഡിസംബർ

1 - ലോക എയ്ഡ്സ് ദിനം

3 - ദേശീയ ഭിന്നശേഷി ദിനം

5 - അന്താരാഷ്ട്ര മണ്ണ് ദിനം

10 - ലോക മനുഷ്യാവകാശ ദിനം.

23 - സുഗതകുമാരി ചരമം.

25 - ക്രിസ്തുമസ്

## ജനുവരി.

1 - പുതുവത്സര ദിനം.

2 - മന്നം ജയന്തി

12 - വിവേകാനന്ദ ജയന്തി.

16 - കുമാരനാശാൻ ചരമം.

21 - ബഷീർ ജന്മദിനം.

26 - റിപ്പബ്ലിക് ദിനം.

30 - രക്തസാക്ഷി ദിനം.

Scanned with OKEN Scanner

## ഫെബ്രുവരി.

2 - ജി. ശങ്കരക്കുറുപ്പ് ചരമം.
ലോക തണ്ണീർത്തട ദിനം.

13 - ഒ. എൻ. വി. കുറുപ്പ് ചരമം.

21 - ലോകമാതൃഭാഷാ ദിനം.

28 - ദേശീയ ശാസ്ത്രദിനം.

## മാർച്ച്

3 - ലോക വന്യജീവി ദിനം.

8 - അന്താരാഷ്ട്ര വനിതാദിനം.

13 - മഹാകവി വള്ളത്തോൾ ചരമം.

22 - ലോകജലദിനം

# പ്രവർത്തനങ്ങൾ

## 2025 ജൂൺ

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 2-6-25 | പ്രവേശനോത്സവം, മധുരപലഹാര വിതരണം, നവാഗതരെ സ്വീകരിക്കൽ, കലാപരിപാടികൾ | HM, PTA, MPTA, SMC, മറ്റ് അധ്യാപകരും. |
| 3-6-25 | ശ്രീ. ശങ്കരക്കുറുപ്പ് ജന്മദിനം, അനുസ്മരണം, കവിതാ ശില്പശാലയൊരുക്കൽ | ക്ലാസ് അധ്യാപകർ |
| 5-6-25 | ലോക പരിസ്ഥിതി ദിനം, വൃക്ഷതൈ വിതരണം, പോസ്റ്റർ നിർമ്മാണം, ക്വിസ്, അസംബ്ലി സന്ദേശം | ക്ലാസ് അധ്യാപകർ + HM. |
| 6-6-25 | ഉള്ളൂർ ജന്മദിനം - കവിതാ ശില്പശാല | ക്ലാസ് അധ്യാപകർ |
| 10-6-25 | SRG മീറ്റിങ്ങ്, PTA, MPTA, SMC മീറ്റിങ്ങ് | SRG കൺവീനർ, HM, മറ്റു അധ്യാപകർ |
| 8-6-25 | ലോക സമുദ്ര ദിനം - വീഡിയോ പ്രദർശനം | ക്ലാസ് അധ്യാപകർ |
| 14-6-25 | ലോക രക്തദാന ദിനം - വീഡിയോ | ക്ലാസ് അധ്യാപകർ |
| 19-6-25 | വായനദിനം, പി. എൻ. പണിക്കർ അനുസ്മരണം, വായന മത്സരം, പുസ്തക പ്രദർശനം, ക്വിസ്, അമ്മവായന. | ക്ലാസ് അധ്യാപകർ |
| 21-6-25 | ലോക യോഗദിനം - ബോധവൽക്കരണം, യോഗ പരിശീലനം. | ക്ലാസ് അധ്യാപകർ |
| 26-6-25 | ലഹരി വിരുദ്ധ ദിനം. ബോധവൽക്കരണ ക്ലാസ് വീഡിയോ പ്രദർശനം. | ക്ലാസ് അധ്യാപകർ |

Scanned with OKEN Scanner

| | ജൂലായ് | |
|---|---|---|
| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| 5-7-25 | വൈക്കം മുഹമ്മദ് ബഷീർ ചരമം ക്വിസ്, പതിപ്പ് നിർമ്മാണം | ക്ലാസ് അധ്യാപകർ |
| 11-7-25 | ലോക ജനസംഖ്യാദിനം. പ്രസംഗമത്സരം, ചിത്രരചനാമത്സരം | ക്ലാസ്അധ്യാപകർ |
| 14-7-25 | SRG മീറ്റിംങ്ങ് | SRG കൺവീനർ |
| 21-7-25 | ചാന്ദ്രദിനം, ചിത്രപ്രദർശനം, ക്വിസ്, പതിപ്പ് നിർമ്മാണം | ക്ലാസ് അധ്യാപകർ |
| 27-7-25 | എ.പി.ജെ. അബ്ദുൾകലാം ചരമം. വീഡിയോ പ്രദർശനം | ക്ലാസ്അധ്യാപകർ |
| | ആഗസ്റ്റ്. | |
| 6-08-25 | ഹിരോഷിമ ദിനം, യുദ്ധവിരുദ്ധ റാലി, മുദ്രാവാക്യരചനാമത്സരം, ചിത്രരചനാമത്സരം | HM+ ക്ലാസ്അധ്യാപകർ. |
| 09-08-25 | ക്വിറ്റ് ഇന്ത്യാദിനം, നാഗസാക്കിദിനം, പ്രത്യേക അസംബ്ലി, സ്വാതന്ത്ര്യസമരസേനാനികളെ അനുസ്മരണം, പതിപ്പ് നിർമ്മാണം, ഫോട്ടോ പ്രദർശനം | ക്ലാസ് അധ്യാപകർ. |
| 13-08-25 | SRG മീറ്റിങ്ങ് | SRG കൺവീനർ. |
| 15-08-25 | സ്വാതന്ത്ര്യദിനാഘോഷം, പതാക ഉയർത്തൽ, പ്രത്യേക അസംബ്ലി, പതാക നിർമ്മാണം, ക്വിസ്, ദേശഭക്തിഗാനാലാപന മത്സരം | HM + എല്ലാ ക്ലാസ് അധ്യാപകരും |
| 17-08-25 | കർഷകദിനം, അഭിമുഖം, പ്രദേശത്തെ മുതിർന്ന കർഷകരുമായി അറിവ് പങ്കിടൽ | ക്ലാസ്ടീച്ചർമാർ |

Scanned with OKEN Scanner

| തിയ്യതി | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|
| 20-8-25 | ശ്രീനാരായണഗുരു ജയന്തി - വീഡിയോ പ്രദർശനം. | ക്ലാസ് അധ്യാപകർ. |
| | സെപ്റ്റംബർ. | |
| 2-09-25 | ഓണാഘോഷം, പൂക്കളമത്സരം, ഓണക്കളികൾ, ഓണസദ്യ. | HM + എല്ലാ ക്ലാസ് അധ്യാപകർ |
| 5-09-25 | അധ്യാപകദിനം. മികച്ച അധ്യാപകരെ പരിചയപ്പെടുത്തൽ, കുട്ടി ടീച്ചർ, പതിപ്പ് നിർമ്മാണം | എല്ലാ ക്ലാസ് അധ്യാപകരും. |
| 16-09-25 | ഓസോൺ ദിനം - വീഡിയോ പ്രദർശനം | ക്ലാസ് അധ്യാപകർ. |
| 27-09-25 | ലോകവിനോദസഞ്ചാരദിനം - ഫീൽഡ് ട്രിപ്പ്. | HM + എല്ലാ ക്ലാസ് അധ്യാപകരും. |
| | ഒക്ടോബർ. | |
| 2-10-25 | ഗാന്ധിജയന്തി, സേവനവാരം, ക്വിസ്, ഗാന്ധിജിയെ വരക്കാം. | HM, ക്ലാസ് അധ്യാപകർ. |
| 4-10-25 | SRG മീറ്റിങ്ങ് സ്കൂൾ തല ശാസ്ത്രമേള, കലാമേള, കായികമേള | SRG കൺവീനർ |
| 16-10-25 | വള്ളത്തോൾ ജന്മദിനം, കൃതികൾ പരിചയപ്പെടുത്തൽ, ലോക ഭക്ഷ്യദിനം - വീഡിയോ പ്രദർശനം. | ക്ലാസ് അധ്യാപകർ |
| 24-10-25 | ശ്രീബുദ്ധജയന്തി. അറിയാം - ശ്രീബുദ്ധനെ. | |
| 31-10-25 | ഇന്ദിരാഗാന്ധി ചരമം, വ്യക്തി അനുസ്മരണം. സർദാർ പട്ടേൽ ജന്മദിനം വ്യക്തി അനുസ്മരണം. | ക്ലാസ് അധ്യാപകർ. |

Scanned with OKEN Scanner

## നവംബർ

| തിയ്യതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 01-11-25 | കേരളപ്പിറവി ദിനം, ക്വിസ്, ചിത്രരചനാ മത്സരം | ക്ലാസ് അധ്യാപകർ. |
| 08-11-25 | SRG മീറ്റിങ്ങ് | SRG കൺവീനർ. |
| 14-11-25 | ശിശുദിനം, മധുരപലഹാരവിതരണം, പ്രത്യേക അസംബ്ലി, കുട്ടി ചാച്ചാജി, ആശംസാകാർഡ് നിർമ്മാണം. | HM+ എല്ലാ അധ്യാപകരും. |
| - | സബ്ജില്ലാ കലാമേള, ശാസ്ത്രമേള, കായിക മേള | " |
| 26-11-25 | ഇന്ത്യൻ ഭരണഘടനാ ദിനം. അറിയാം ബി. ആർ. അംബേദ്കർ എന്ന മഹാനെ | ക്ലാസ് അധ്യാപകർ. |
| 30-11-25 | പഴശ്ശിരാജ ചരമം വീഡിയോ പ്രകാശനം | ക്ലാസ് അധ്യാപകർ. |

## ഡിസംബർ.

| | | |
|---|---|---|
| 10-12-25 | മനുഷ്യാവകാശദിനം. ബോധവൽക്കരണം, വീഡിയോ പ്രദർശനം. | ക്ലാസ് അധ്യാപകർ. |
| 12-12-25 | SRG മീറ്റിങ്ങ് | SRG കൺവീനർ |
| 23-12-25 | സുഗതകുമാരി ജന്മദിനം. അറിയാം പ്രിയ കവയിത്രിയെ | " |
| 25-12-25 | ക്രിസ്തുമസ് ക്രിസ്തുമസ് പാപ്പ, കരോൾ ഗാനാലാപനം, സ്റ്റാർ നിർമ്മാണം, മധുരവിതരണം, ആശംസകാർഡ് നിർമ്മാണം. | HM+ എല്ലാ അധ്യാപകരും. |

Scanned with OKEN Scanner

## 2026 - ജനുവരി.

| തീയതി | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|
| 01-01-26 | പുതുവത്സര ദിനം. പുതുവത്സര പ്രതിജ്ഞ, മധുര വിതരണം, സമ്മാനം കൈമാറൽ | HM + എല്ലാ അധ്യാപകരും. |
| 04-01-26 | SRG മീറ്റിങ്ങ് | SRG കൺവീനർ |
| 06-01-26 | PTA, MPTA, SMC മീറ്റിങ്ങ് | HM. |
| 21-01-26 | ബഷീർ ജന്മദിനം, കൃതികൾ പരിചയപ്പെടുത്തൽ, പതിപ്പ് നിർമ്മാണം. | ക്ലാസ് അധ്യാപകർ. |
| 26-01-26 | റിപ്പബ്ലിക് ദിനം. പതാക ഉയർത്തൽ, സ്പെഷൽ അസംബ്ലി, മധുര പലഹാര വിതരണം, ദേശഭക്തി ഗാനാലാപനം. | HM, ക്ലാസ് അധ്യാപകർ. |
| 30-01-26 | രക്തസാക്ഷി ദിനം. പ്രാധാന്യം വ്യക്തമാക്കൽ. ഗാന്ധിജിയുടെ ആത്മകഥ പരിചയപ്പെടുത്തൽ | ക്ലാസ് അധ്യാപകർ. |

## ഫെബ്രുവരി.

| | | |
|---|---|---|
| 02-02-26 | ജി. ശങ്കരക്കുറുപ്പ് ചരമം. ലോക തണ്ണീർത്തട ദിനം. ബോധവൽക്കരണം, ഫീൽഡ്ട്രിപ്പ്. | HM + എല്ലാ അധ്യാപകരും. |
| 12-02-26 | SRG മീറ്റിങ്ങ് | SRG കൺവീനർ. |
| 21-02-26 | ലോക മാതൃഭാഷ ദിനം - പതിപ്പ് നിർമ്മാണം. വീഡിയോ പ്രദർശനം. | ക്ലാസ് അധ്യാപകർ |
| 28-02-26 | ദേശീയ ശാസ്ത്ര ദിനം. ശാസ്ത്ര പ്രദർശനം, ക്വിസ്, ശാസ്ത്രജ്ഞരെ അറിയാം, ശാസ്ത്രആൽബം നിർമ്മാണം. | ക്ലാസ് അധ്യാപകർ |

Scanned with OKEN Scanner

## മാർച്ച്

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
| --- | --- | --- |
| 02-03-26 | സ്കൂൾ വാർഷികം. കലാ സാംസ്കാരിക പരിപാടികൾ | HM+ എല്ലാ അധ്യാപകരും. |
| 03-03-26 | ലോക വന്യജീവി ദിനം. വീഡിയോ പ്രദർശനം. | ക്ലാസ് അധ്യാപകർ. |
| 05-03-26 | SRG മീറ്റിങ്ങ് | SRG കൺവീനർ. |
| 08-03-26 | അന്താരാഷ്ട്ര വനിതാദിനം സമൂഹത്തിൽ ഉന്നത വ്യക്തികളായി മാറിയ പ്രമുഖ വനിതകളെ പരിചയപ്പെടാം | ക്ലാസ് അധ്യാപകർ. |
| 11-03-26 | പഠനോത്സവം വിവിധ പഠന മികവുകൾ | HM+ എല്ലാ ക്ലാസ് അധ്യാപകരും |
| 13-03-26 | മഹാകവി വള്ളത്തോൾ ചരമം. കൃതികൾ പരിചയപ്പെടുത്തൽ | " |
| 22-03-26 | ലോക ജലദിനം. വീഡിയോ പ്രദർശനം - ജലത്തിന്റെ പ്രാധാന്യം, ചിത്രരചനാ മത്സരം പോസ്റ്റർ നിർമ്മാണം. | എല്ലാ അധ്യാപകരും. |

Scanned with OKEN Scanner

## ഒരു തിരിഞ്ഞ് നോട്ടം.

ഓരോ അക്കാദമിക മാസ്റ്റർ പ്ലാനും ഒരു വാഗ്ദാനമാണ്. ഈ വാഗ്ദാനങ്ങൾ പാലിക്കപ്പെടുമ്പോഴാണ് ഒരു കൂട്ടം മികച്ച പൗരന്മാരെ നമുക്ക് സമൂഹത്തിന് നൽകാൻ കഴിയുക. ഇതിനും ഒക്കെ അപ്പുറത്തേക്ക് നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ അക്കാദമിക വർഷം കഴിയട്ടെ എന്ന് ആത്മാർത്ഥമായി പ്രത്യാശിക്കുന്നു.

നമ്മുടെ സ്കൂളിലെത്തുന്ന ഓരോ കുട്ടിയും എല്ലാ തരത്തിലും മികവുറ്റതാക്കാൻ, സമഗ്രമായി അവരെ പരിപോഷിപ്പിക്കാൻ നമുക്ക് ഒരുമിച്ച് മുന്നേറാം. നമ്മൾ കൈപിടിച്ച് ഉയർത്തുന്ന വഴികളിലൂടെ അറിവിന്റെ പടവുകൾ കയറി നേട്ടങ്ങളുടെയും നന്മയുടെയും അനന്ത വിഹായസ്സിലേക്ക് അവർ ചിറക് വിരിച്ച് പറക്കട്ടെ. അവർ ഓരോരുത്തരും ഈ സരസ്വതീക്ഷേത്രത്തിന്റെ യശസ്സ് വർദ്ധിപ്പിക്കട്ടെ. ഈ അറിവിന്റെ നന്മമരം എന്നെന്നും നിലനിൽക്കട്ടെ.

Scanned with OKEN Scanner




# GMLP SCHOOL NEDIYIRUPPU 2024-2025

KOTTUKKARA - KONDOTTY -

**CLASS:4**



Scanned with OKEN Scanner